**കെ.വി.എ.എസ്.യൂ/എം.സി./പൊതുവായത്/അദ്ധ്യായം - 1.6**
**(44-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്, സ്ഥിരീകരണത്തിനായി)**

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## 44-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിട്സ്

**തീയ്യതി : 25 മാർച്ച് 2023, സമയം : ഉച്ചക്ക് 02.30 മണി**
**വേദി: പെരിയാർ ഹാൾ, വെറ്ററിനറി & അനിമൽ സയൻസസ് കോളേജ്, പൂക്കോട്, വയനാട്.**
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/885/2023)

### ഹാജരായ അംഗങ്ങൾ:

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ – അദ്ധ്യക്ഷൻ
2. ഡോ. കെ. വിജയകുമാർ, ഫാക്കൽറ്റി ഡീൻ (വെറ്ററിനറി), സി.വി.എ.എസ്., മണ്ണുത്തി.
3. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
4. ശ്രീ. വിഷ്ണു. ടി. (തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധി)
5. ഡോ. സജിത്ത് പുരുഷോത്തമൻ (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
6. ഡോ. ലീബ ചാക്കോ (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
7. ശ്രീ. രവിചന്ദ്രൻ.യു. (തിരഞ്ഞെടുക്കപ്പെട്ട അനദ്ധ്യാപക വിഭാഗം പ്രതിനിധി)
8. ശ്രീ. ഷൈജു. കെ. ആർ. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
9. ഡോ. കെ. പ്രമോദ് (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത ശാസ്ത്രജ്ഞൻ)
10. ഡോ. ഗോദവർമ്മ ഗിരിഷ് വർമ്മ (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത ശാസ്ത്രജ്ഞൻ)
11. ശ്രീ. തോമസ്. കെ.കെ. (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത കർഷകൻ)
12. ഡോ. പി. സുധീർബാബു, രജിസ്ട്രാർ – മെമ്പർ സെക്രട്ടറി

### സാന്നിധ്യം:

1. ശ്രീ. ബാബുരാജ്. കെ.പി. – ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം)
2. ശ്രീമതി. ഷൈല. പി.എസ്., ലോ ഓഫീസർ
3. ശ്രീ. ദിനേശൻ. എ.കെ., ഫിനാൻസ് ഓഫീസർ
4. ശ്രീ. ഷൈജീഷ്. എൻ. വി., ലേബർ ഓഫീസർ
5. ശ്രീ. ജയൻ. എം., ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി)

യോഗം 02.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

കാർഷിക സർവ്വകലാശാല മുൻ രജിസ്ട്രാറും Academic and PG Studies ഡയറക്ടറുമായിരുന്ന ഡോ. മുഹമ്മദ് കുഞ്ഞ്, മണ്ണൂത്തി വെറ്ററിനറി കോളേജ് മുൻ വിദ്യാർത്ഥിയായിരുന്ന റിനി റോയ് എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

തുടർന്ന് അടുത്ത കാലത്ത് സർവ്വകലാശാലയിലെ അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ലഭിച്ച പ്രധാനപ്പെട്ട അംഗീകാരങ്ങളും സർവ്വകലാശാലയുടെ പ്രവർത്തന നേട്ടങ്ങളും ചെയർ യോഗത്തെ അറിയിച്ചു. ആയത് ചുവടെ കൊടുക്കുന്നു.

1. സംസ്ഥാന ക്ഷീര സംഗമം (2022–23) ഫെബ്രുവരി 10 മുതൽ 15 വരെ വെറ്ററിനറി കോളേജ് ക്യാമ്പസ്, മണ്ണൂത്തിയിൽ നടന്നു. **ബഹു.കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ശ്രീമതി. ജെ.ചിഞ്ചുറാണി, അഡ്വ.കെ.രാജൻ എന്നിവർ പങ്കെടുത്തു.**
2. വെറ്ററിനറി സർവ്വകലാശാല രജിസ്ട്രാർ ഡോ. പി. സുധീർബാബു Indian Dairy Association-ന്റെ ദേശീയ ഫേലോഷിപ്പ് (FIDA) കരസ്ഥമാക്കി. ഡയറി സംസ്കരണ യൂണിറ്റ് നിർമ്മാണത്തിനും ക്ഷീര വികസനത്തിനും നൽകിയ സംഭാവനകളും അക്കാദമിക നേട്ടങ്ങളും പരിഗണിച്ചാണ് ഫെലോഷിപ്പ് നൽകിയത്.
3. Kerala Veterinary and Animal Sciences University signed an MoU with Amritha Institute of Medical Sciences and Research centre for academic, research and extension collaboration. Also executed MOU with ADFL (ALEPA Dairy Food private Ltd) for collaboration & research in the field of value added dairy products and developing technologies.
4. വിവിധ വിഭാഗങ്ങളിലായി സർവ്വകലാശാലയിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും നിരവധി പുരസ്ക്കാരങ്ങൾ കരസ്ഥമാക്കി. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

- Sree Lakshmi from CDST, Kolahalamedu got first ever silver medal in Discus throw at All India Inter Agriculture University Fest held at Hariyana.
- Dr. K. Gayathri secured the highest score (88.78) in PGDAW (Post Graduate Diploma in Animal Welfare conducted by IGNOU) exams & assignments during the academic year 2021-22. She will receive "Ahimasa Trust Gold Medal" and PGDAW Convocation Diploma during the 36th Convocation from Hon'ble President of India on 3rd April. Dr. Gayathri is currently a P.hD scholar at the Dept of Veterinary Surgery and Radiology, Veterinary College, Thrissur. Five students of KVASU are among the top 10 start up ideas during the ideation competition (total 32 ideas presented from 6 states) during the Young Agri Entrepreneurs Conclave held at AGNI Agri Business Incubation Center of ICAR CCARI Goa. These top 10 startup ideas will be considered for the funding from the RAFTAAR (5 lakh to 25 lakhs).
  - Mohammad Nafel S (18 BVM 08)-3rd best
  - Amritha P (19 BDM 06)
  - N Asif Khan (2020 BVP 22)
  - Athira M A (21 BPT 10)
  - Abin Joy (18 BVM 79).
- Dr. Muhamned Asif, got the state media award for the best scientific article by Dept of Dairy Development, Govt of Kerala. He was a PG scholar in Dept of Vet Extension, CVAS Mannuthy.
- 50 students and 7 Faculty from KVASU participated in the Professional Students Summit 2023 organised by Govt of Kerala at Adlux Convention centre Angamaly. Programme was Inaugurated by Hon'ble Chief Minister of Kerala.
- Dr. Baby Shalini, Assistant Professor, CVAS, Mannuthy secured 4 medals for the 4th National Masters Athletic Championship 2023, Dronacharya Stadium, Kurukshetra, Haryana.

- Triple jump-Gold
- 100 M- Silver
- Long jump -Silver
- 100 M relay -Silver.

- Various awards secured in the ISVM conference held at Panthnagar from 22 to 24 February 2023.

  - Sesssion III : Infectious Diseases Of Ruminants
    - Oral: Dr. Janus. A, Asst. Professor - Second prize
    - Poster: Thasleena M- First prize
  - Session V : Canine Cardiology
    - Oral : Dr. sindhu K Rajan, Asst. professor - First Prize
  - Session VI: Non infectious
    - Oral: Nithin B- 2nd prize
  - Session VIII: Wild animal disease
    - Oral: Athira K – 1st Prize
  - Session IX: Avain Medicine
    - Poster-Krupa Rose – 1st prize
  - Young Scientist Award - Dr. Preena P, Asst. Professor for 2020
  - Young Scientists Award – Dr. Anne Mariyamma for 2022

- Mohd. Shafeeque of 2019 batch CVAS Mannuthy selected for 2022 MSD/WVA Veterinary Student Scholarship. He will receive a monetary award of TWO THOUSAND FIVE HUNDRED DOLLARS ($2,500 USD)!

- Indian Society for Veterinary Medicine – Best Research Article Award – 2020 Dr. V.R. Ambily, Asst. Professor, Dr. Usha Narayana Pillai, Professor & R. Arun.

തുടർന്ന് അജണ്ടകുറിപ്പുകൾ അവതരിപ്പിക്കാനായി ചെയർ രജിസ്ട്രാറെ ക്ഷണിച്ചു.

| | |
|---|---|
| 1.1 | സർവ്വകലാശാലയുടെ നേട്ടങ്ങൾ/ശാസ്ത്രജ്ഞരുടെ ഗവേഷണ നേട്ടങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.2 | ഇലക്ഷൻ ഏതെങ്കിലും നടത്തുവാനുണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.3 | ചോദ്യോത്തര വേള.<br><br>**ശ്രീ. ഷൈജു. കെ.ആർ. ഉന്നയിച്ച ചോദ്യങ്ങൾ:** |

**ചോദ്യം 1:** കൈപ്പുസ്തകത്തിലെ അപാകതകൾ പരിഹരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുക? അത് എന്ന് പുന:പ്രസിദ്ധീകരിക്കാം?

**ഉത്തരം:** വിവിധ സ്റ്റേഷനുകളിൽ നിന്നായി കൈപ്പുസ്തകത്തിൽ തിരുത്തലുകൾ വരുത്തുന്നതിനായി നൽകിയ വിവരങ്ങൾ ഉൾപ്പെടുത്തി കൈപ്പുസ്തകം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു.

*നടപടി: ലേബർ ഓഫീസർ/രജിസ്ട്രാർ*

--------------------------------------------------------------------

**ചോദ്യം 2:** കോലാഹലമേട് ബേസ് ഫാമിലെ ഷെഡ്ഡുകളിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുക?

**ഉത്തരം:** ഇൻഡോ-സ്വിസ് പദ്ധതിയുടെ ഭാഗമായി 1965 കാലഘട്ടത്തിൽ ആരംഭിച്ചതാണ് കോലാഹലമേട് ബേസ് ഫാം. പിന്നീട് ഇത് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് (KLDB) ന്റെ ഭാഗമായി മാറുകയും ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതിനു വേണ്ടി കേരള കാർഷിക സർവകലാശാലക്ക് കൈമാറുകയും ചെയ്തതായിരുന്നു. എന്നാൽ ഡയറി സയൻസ് കോളേജ് തുടങ്ങുന്നത് നീണ്ടു പോകുകയും കെ.എൽ.ഡി. ബോർഡ് സ്ഥലം തിരിച്ച് ആവശ്യപ്പെടുകയും ചെയ്തു. ഇതുമൂലം സർവകലാശാലയും കെ.എൽ.ഡി. ബോർഡും തമ്മിൽ നീണ്ടകാലം തർക്കത്തിൽ ആയിരുന്നു. പിന്നീട് കഴിഞ്ഞ വർഷം സർവകലാശാലയും ബോർഡും തമ്മിൽ കരാർ ഉണ്ടാക്കുകയും ഇരു കൂട്ടർക്കും സ്ഥലം വീതം വച്ച് പരിഹാരം ഉണ്ടാക്കുകയും ചെയ്തു. ഔദ്യോഗികമായി ആകെ ഉള്ള 210 ഏക്കർ സ്ഥലത്ത് നിന്നും നിലവിൽ സർവകലാശാലക്ക് 100 ഏക്കർ സ്ഥലം കൈവശമായുണ്ട്.

ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിലുണ്ടായ താമസം മൂലവും കെ.എൽ.ഡി. ബോർഡുമായി നിലനിന്നിരുന്ന തർക്കം മൂലവും ഫാമിന്റെ വികസന കാര്യങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടായിരുന്നില്ല. പിന്നീട് കെ.എൽ.ഡി.ബോർഡുമായി തർക്കം പരിഹരിച്ച് വന്നപ്പോഴേക്കും ഡയറി സയൻസ് കോളേജ് ആരംഭിച്ചതിനാൽ കോളേജിന് ആവശ്യമായ കെട്ടിടവും ഹോസ്റ്റലുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി അധിക തുക ചിലവഴിക്കേണ്ടി വന്നു. ഇതിനു പുറമെ കെ.എൽ.ഡി.ബോർഡുമായി ഉണ്ടാക്കിയ കരാർ പ്രകാരം നിലവിലെ ഓഫീസ് കെട്ടിടവും ഫാമിലേക്കുള്ള വഴിയും ഒഴിയേണ്ട സാഹചര്യം ഉള്ളതിനാൽ പുതിയ ഓഫീസ് കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമാണവും ആരംഭിച്ചിട്ടുണ്ട്. വെള്ളത്തിനും വൈദ്യുതിക്കും കെ.എൽ.ഡി.ബോർഡിനെ ആശ്രയിച്ചിരുന്ന മുൻകാലത്ത് നിന്നും മാറി ഫാമിലേക്ക് ഏകദേശത്തോളം 30 ലക്ഷത്തോളം രൂപ ചെലവഴിച്ച് സ്വന്തമായി വൈദ്യുത കണക്ഷനും വയറിങ്

പണികളും ജനറേറ്റർ സൗകര്യം ഉൾപ്പെടെ പൂർത്തിയാക്കുകയും ചെക്ക് ഡാമുകളും കുളങ്ങളും നിർമ്മിച്ച് ജലലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഷെഡ്ഡുകളുടെ മേൽക്കൂര മാറ്റുകയും തറ നന്നാക്കുകയും ചാണകക്കുഴികൾ പണിയുകയും ഫീഡ് സ്റ്റോർ നന്നാക്കുകയും തൊഴിലാളികൾക്ക് വെയ്റ്റിംഗ് റൂം, ടോയ്ലറ്റ് സൗകര്യം, ട്രെയിനിങ് ഹാൾ, സി.സി.ടി.വി., സോളാർ ലൈറ്റുകൾ, തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ലഭ്യമായ പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുൻഗണന ക്രമത്തിൽ ഫാമിന്റെയും അനുബന്ധസൗകര്യങ്ങളുടെയും സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഫാമിൽ 60 വർഷത്തോളം പഴക്കമുള്ള കന്നുകാലി ഷെഡ്ഡുകളും മറ്റുമാണ് നിലവിലുള്ളത് എങ്കിലും കന്നുകാലികളുടെയും ജീവനക്കാരുടെയും ക്ഷേമവും സുരക്ഷയും ഉറപ്പു വരുത്തുന്ന രീതിയിൽ പ്രാഥമികമായ എല്ലാ സൗകര്യങ്ങളും ഇതിനോടകം തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ പണി ആരംഭിച്ചിരിക്കുന്ന ഓഫീസ് കെട്ടിടത്തിന്റെയും പുതിയ ഫാം റോഡിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും പണി പൂർത്തിയായതിനു ശേഷം ഫാമിലെ കന്നുകാലി ഷെഡ്ഡുകളുടെ മോടി കൂട്ടുന്നതിനും ആവശ്യം വേണ്ട അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു.

*നടപടി: ഡയറക്ടർ - ഫാംസ്/ഐ.ഡി. വിംഗ്*

================================================== ===============

**ശ്രീ. വിഷ്ണു. ടി. ഉന്നയിച്ച ചോദ്യങ്ങൾ:**

**ചോദ്യം 3:** വയനാട് ജില്ലയുടെ വികസനത്തിനായി സർക്കാർ കൊണ്ടുവന്ന വയനാട് സ്പെഷ്യൽ പാക്കേജ് വഴി CDST പൂക്കോട് കോളേജിന് കെട്ടിടം നിർമിക്കുന്നതിന് വേണ്ട ഫണ്ട് ലഭിക്കുന്നതിനായി 'Knowledge park for capacity building and business promotion in dairy processing under Kerala Veterinary and Animal Sciences University' എന്ന പേരിൽ ഒരു പ്രോജക്ട് സമർപ്പിച്ചിരുന്നു. ഈ പ്രോജക്ട് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നും ഫണ്ട് വരുന്ന മുറക്ക് കെട്ടിടനിർമാണം ആരംഭിക്കാമെന്നും യൂണിവേഴ്സിറ്റി അധികൃതർ അറിയിച്ചിരുന്നു. എന്നാൽ അവസാന നിമിഷം ഈ പ്രോജക്ട് തള്ളിപ്പോയെന്നാണ് പിന്നീട് അറിയിച്ചത്. വിദ്യാർഥികളുടെ അടിസ്ഥാന അവശ്യമായിരുന്ന ഈ പ്രോജക്ട് നിരസിക്കപ്പെടാൻ ഉണ്ടായ കാരണം എന്ത്?

ഈ പ്രോജക്ട് വീണ്ടും ഉൾപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ ഭാഗമായി വീണ്ടും DPR സമർപ്പിച്ചിരുന്നു. നിലവിൽ അതിന്റെ സ്ഥിതിയെന്ത്?

---

**ഉത്തരം:** ഈ പ്രൊജെക്റ്റ് പൂക്കോട് വെറ്ററിനറി & അനിമൽ സയൻസസ് കോളേജ് വയനാട് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായി 06/02/2023 തീയതിയിൽ KVASU/GA/C1/ 12488/2021 എന്ന നമ്പറായി ബഹു. ജില്ലാ കളക്ടർക്ക് കത്തയച്ചിട്ടുണ്ട്. ആയതിന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു.

*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ് )/രജിസ്ട്രാർ*

--------------------------------------------------------------------------------------------

| | |
|---|---|
| | **ചോദ്യം 4:** 76-ാമത് ഭരണസമിതി യോഗത്തിന്റെ തീരുമാനപ്രകാരം പുറപ്പെടുവിച്ച (നം. കെ. വി.എ.എസ്.യൂ/ജി.എ)/സി1/12415/2021) ഉത്തരവ് പ്രകാരം മണ്ണുത്തി ക്യാമ്പസിലെ വിദ്യാർത്ഥികളുടെ താമസ സൗകര്യത്തിനായി ഹോസ്റ്റൽ അനുവദിച്ചിരുന്നു. ടി ഉത്തരവ് അനുസരിച് മണ്ണുത്തി ക്യാമ്പസിൽ പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി സർവകലാശാല നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു?<br><br>**ഉത്തരം:** പ്രസ്തുത ഹോസ്റ്റലിന്റെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധന നടത്തി 2023 ഏപ്രിൽ മാസം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു.<br>*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ് )/രജിസ്ട്രാർ*<br>========================================================================== |
| 1.4 | അടിയന്തിര പ്രമേയം ഉണ്ടെങ്കിൽ, ആയത്.<br>**ശ്രീ. വിഷ്ണു. ടി. ഉന്നയിച്ച പ്രമേയങ്ങൾ:**<br>**അടിയന്തിര പ്രമേയം 1**<br><br>VKIDFT മണ്ണുത്തി കോളേജിന് വേണ്ടി 2021-22 പ്ലാൻ ഫണ്ടിൽ നിന്ന് basket ball court നിർമാണത്തിനായി 9 ലക്ഷം രൂപ അനുവദിച്ചിരുന്നു തുടർന്ന് നിർമാണത്തിനുള്ള എസ്റ്റിമേറ്റ് ID വിംഗ് മണ്ണുത്തി സമർപ്പിച്ചതിന് പ്രകാരം 2022 മാർച്ച് മാസത്തിൽ ടി തുക അനുവദിക്കുകയും തുടർനടപടികൾക്കായി E tender വിളിച്ച് നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ ടി തുക ഉപയോഗിച്ച് ഗ്രൗണ്ട്ന്റെ slope നികത്തി ലെവൽ ആകിയതിന് ശേഷം കോർട്ട് surface നിർമിച്ചുകൊണ്ട് കോൺക്രീറ്റ് ചെയ്യേണ്ടത്തിന് പകരം മെറ്റൽ ലോഡ് ഇറക്കി നിരപ്പ് ആകുക മാത്രമാണ് ചെയ്തത്. ഈ കാരണത്താൽ ഇപ്പോഴും ഗ്രൗണ്ട് സർഫെസിൽ slope നിലനിൽക്കുന്നു. അതോടൊപ്പം basketball court നിർമാണത്തിൽ ആവശ്യപ്പെടാത്ത chain fencing കോർട്ടിന് ചുറ്റും കെട്ടുകയും ചെയ്തു. എന്നാൽ മറ്റു പണികൾ പൂർത്തീകരികുന്നതിന് മുൻപ് തന്നെ fence കെട്ടിയത് court ന്റെ മറ്റു നിർമാണ പ്രവർത്തനങ്ങളെ ബാധിക്കുന്നു. എന്നാൽ പിന്നീട് സെപ്റ്റംബർ മാസം ആയപ്പോൾ മേല്പറഞ്ഞ നിർമാണ പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിൽ അനുവദിച്ച 9 ലക്ഷം വിനയോഗിച്ച് കഴിഞ്ഞതായും അതെ തുടർന്ന് നിർമാണപ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്തു.<br><br>ഇനി court സർഫേസ് കോൺക്രീറ്റ് ചെയ്യാൻ എസ്റ്റിമേറ്റ് പ്രകാരം 6,20,768 രൂപ അധികത്തിൽ ആവശ്യമായിവരുമെന്നും, ടി തുക VKIDFT കോളേജ് ലഭ്യമാകണമെന്നാണ് ID വിംഗ് അറിയിച്ചത്. എന്നാൽ ഇതൊരു continous project അല്ലാതത്തിനാൽ ടി തുക അനുവദിക്കാൻ സാധിക്കില്ല എന്നാണ് സർവകലാശാല അറിയിച്ചത്. മേല്പറഞ്ഞ കാരണങ്ങളാൽ basketball court നിർമാണം പാതിവഴിയിൽ മുടങ്ങി കിടക്കുകയാണ്. ഗുണനിലവാരം ഉള്ള ഒരു basket ball court VKIDFT യിലെ എല്ലാ വിദ്യാർത്ഥികളുടെയും ആവശ്യമാണ്. അതിനായി അനുമതി നൽകി തുക അനുവദിച്ചിട്ടും അതിന്റെ നിർമാണപ്രവർത്തനങ്ങൾ കൃത്യമായി പൂർത്തീകരിക്കാൻ സാധിക്കാതെ ഇത്തരത്തിൽ പാതി വഴിയിൽ തടസപ്പെട്ട് നില്കുന്നത് പ്രതിഷേധർഹമാണ് . ആയതിനാൽ അടിയന്തിരമായി തന്നെ basket ball കോർട്ട് നിർമാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക കണ്ടെത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്ന് സഭ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.<br><br>**തീരുമാനം:** പ്രമേയം അംഗീകരിച്ചു.<br>*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ് )*<br>------------------------------------------------------------------------ |

| | |
|---|---|
| | **അടിയന്തിര പ്രമേയം 2**<br>വെറ്ററിനറി 2017 ബാച്ചിലെ വിദ്യാർത്ഥികൾ കഴിഞ്ഞ ഒരു വർഷമായി ഇന്റേൺഷിപ്പ് ചെയ്തുവരികയാണ്. ഈ വരുന്ന മെയ് മാസത്തോടുകൂടി വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് അവസാനിക്കും. എന്നാൽ മണ്ണുത്തി, പൂക്കോട് വെറ്ററിനറി കോളേജുകളിലെ വിദ്യാർത്ഥികൾക്ക് 2022-23 സാമ്പത്തിക വർഷത്തിലെ ഇന്റേൺഷിപ്പ് അലവൻസ് ലഭിച്ചത് ഒരുപോലെ അല്ല. മണ്ണുത്തി കോളേജിലെ വിദ്യാർത്ഥികൾക്ക് 2023 മാർച്ച് വരെയുള്ള അലവൻസ് ലഭിക്കുകയും എന്നാൽ പൂക്കോട് കോളേജിലെ വിദ്യാർത്ഥികൾക്ക് 2022 ഡിസംബർ വരെയുള്ള അലവൻസ് മാത്രമാണ് ലഭിച്ചത്. 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്ന് പ്ലാൻ ഫണ്ടിന്റെ മൂന്നാമത്തെ ഗഡു ലഭിച്ച ശേഷം രണ്ട് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് നൽകിയ അലവൻസിലെ വ്യത്യാസം വിദ്യാർത്ഥികൾക്കിടയിൽ കടുത്ത പ്രതിഷേധം ഉയർത്തിയിട്ടുണ്ട്. ഒരേ സർവകലാശാലയുടെ കീഴിൽ ഒരേപോലെ ഇന്റേൺഷിപ്പ് ചെയ്യുന്ന രണ്ട് കോളേജിലെ വിദ്യാർത്ഥികൾക്ക് രണ്ട് രീതിയിൽ അലവൻസ് നൽകുന്നത് ശരിയായ നടപടി അല്ല. അടുത്ത 2023-24 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ട് ലഭ്യമാക്കാൻ കാലതാമസം വരുന്ന സാഹചര്യത്തിൽ ഓരോ മാസവും വിവിധ ജില്ലകളിലായി ഇന്റേൺഷിപ്പ് ചെയ്യുന്ന വിദ്യാർത്ഥികൾ നിലവിൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്, അങ്ങനെയുള്ള സമയത്ത് രണ്ട് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് രണ്ട് രീതിയിൽ അലവൻസ് നൽകുന്നത് പ്രതിഷേധർഹം ആണ്. ആയതിനാൽ പൂക്കോട് വെറ്ററിനറി കോളജിലെ വിദ്യാർത്ഥികൾക്ക് മണ്ണുത്തി കോളേജിൽ നൽകിയ പോലെ തന്നെ ജനുവരി,ഫെബ്രുവരി,മാർച്ച് എന്നീ മാസങ്ങളിലെ അലവൻസ് നൽകാൻ വേണ്ട തുക അനുവദിക്കണമെന് സഭാ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.<br>**തീരുമാനം:** ഫണ്ട് ലഭ്യമാകുന്ന മുറക്ക് അനുവദിക്കുന്നതാണ് എന്ന തീരുമാനത്തോടെ പ്രമേയം അംഗീകരിച്ചു.<br>*നടപടി: ഡീൻ (സി.വി.&എ.എസ്. പൂക്കോട്)/ഫിനാൻസ് ഓഫീസർ/ഡി.എ.ആർ.* |
| 1.5 | നിർദ്ദിഷ്ട പട്ടികയിൽ മാറ്റമുള്ള വിഷയങ്ങൾ ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.6 | മുൻ യോഗങ്ങളുടെ നടപടി കുറിപ്പുകളുടെ സ്ഥിരീകരിക്കൽ & ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | അംഗീകരിച്ചു. |
| 1.7 | മാനേജ്മെന്റ് കൗൺസിൽ തീരുമാന പ്രകാരം ബോർഡ് ഓഫ് മാനേജ്മെന്റ് സമർപ്പിക്കുന്ന റിപ്പോർട്ട്, ഉണ്ടെങ്കിൽ ആയത്. |
| **തീരുമാനം** | ഇല്ല. |
| 1.8 | ബോർഡ് ഓഫ് മാനേജ്മെന്റും വൈസ് ചാൻസലറും നിർദ്ദേശിക്കുന്ന വിഷയങ്ങൾ, ഉണ്ടെങ്കിൽ, ആയത്. |
| **തീരുമാനം** | ഇല്ല. |
| 2.1 | DAR - Academic Programme – Approval of the results - Reg. |
| **തീരുമാനം** | അംഗീകരിച്ചു. |
| 2.2 | പ്രവർത്തന റിപ്പോർട്ട് – ഡി.എ.ആർ. |
| **തീരുമാനം** | ശ്രദ്ധിച്ചു. |

| | |
|---|---|
| 2.3 | പ്രവർത്തന റിപ്പോർട്ട് – സി.വി.&എ.എസ്. മണ്ണുത്തി. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.4 | പ്രവർത്തന റിപ്പോർട്ട് – സി.വി.&എ.എസ്. പൂക്കോട് |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 2.5 | പ്രവർത്തന റിപ്പോർട്ട് – വി.കെ.ഐ.ഡി.എഫ്.ടി. മണ്ണുത്തി. |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 3.1 | പൊതുഭരണം - അനധ്യാപക തസ്തികകളിലേക്ക് നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച്. |
| **തീരുമാനം** | അംഗീകരിച്ചു. |
| 3.2 | പ്രവർത്തന റിപ്പോർട്ട് – പൊതുഭരണ വിഭാഗം |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 4.2 | പ്രവർത്തന റിപ്പോർട്ട് – സംരംകത്വ വിഭാഗം |
| **തീരുമാനം** | ശ്രദ്ധിച്ചു. |
| 6.1 | FW - Budget- Estimate 2023-24 - Reg |
| **തീരുമാനം** | ബഡ്ജറ്റ് പ്രസംഗം ബഹു. വൈസ് ചാൻസലർ സഭയിൽ വായിച്ചു. തുടർന്ന് ബഡ്ജറ്റ് അംഗീകരിച്ചു.<br>സർക്കാരിൽ നിന്നും ലഭ്യമാകുന്ന പദ്ധതി, പദ്ധതിയേതര വിഹിതത്തിൽ വന്നിരിക്കുന്ന കുറവ്, സർവ്വകലാശാലയുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിക്കുകയാ ണെന്നും, ആയതിനാൽ സർവ്വകലാശാല യുടെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതുണ്ടെന്നു ഫിനാൻസ് ഓഫീസർ അഭിപ്രായപ്പെട്ടു. ചിലവുകൾ പരമാവധി കുറക്കുന്നതിലേക്കും, ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കു മായി, പദ്ധതികൾ തയ്യാറാക്കി വരികയാണെന്നും, കമ്മിറ്റികൾ രൂപീകരിച്ചു കൊണ്ട്, യോഗങ്ങൾ ചേർന്ന് നടപടികൾ സ്വീകരിച്ചു വരികയാണെന്നും ആയതിനു കൂട്ടായ പരിശ്രമം ആവശ്യമാണെന്നും ചെയർ അറിയിച്ചു. |
| 6.2 | ധനകാര്യ വിഭാഗം - ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് വിങ്ങിന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതം റീ അപ്രോപ്രിയേറ്റ് ചെയ്യുന്നത് - സംബന്ധിച്ച്. |
| **തീരുമാനം** | അനുമതി നൽകി. |
| 6.3 | ധനകാര്യ വിഭാഗം - 2022-23 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നത്- നീട്ടി വെച്ചത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് സാധൂകരിക്കുന്നത് - സംബന്ധിച്ച്. |
| **തീരുമാനം** | സാധൂകരിച്ചു. |
| 6.4 | പ്രവർത്തന റിപ്പോർട്ട് – ധനകാര്യ വിഭാഗം |
| **തീരുമാനം** | ശ്രദ്ധിച്ചു. |

7

അനൗദ്യോഗിക പ്രമേയങ്ങൾ

**<u>ശ്രീ. ഷൈജു. കെ.ആർ. ഉന്നയിച്ച പ്രമേയങ്ങൾ:</u>**

**പ്രമേയം 1:** പുതുക്കിയ ശമ്പള പരിഷ്കരണ കുടിശ്ശിക തൊഴിലാളികൾക്ക് നാളിതുവരെയായിട്ടും നൽകിയിട്ടില്ല. മറ്റു സർക്കാർ ഫാമുകളിൽ ആയത് നൽകി കഴിഞ്ഞ സാഹചര്യത്തിൽ യൂണിവേഴ്സിറ്റിയിലെ തൊഴിലാളികൾക്കും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിന് ഈ യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിന് തുക അനുവദിക്കാൻ അഭ്യർത്ഥിച്ചു കൊണ്ട്, 03–03–2023 തീയതിയിൽ, കെ.വി.എ.എസ്.യു./എഫ്.ഡബ്ല്യൂ./ഫണ്ട്സ്/2260/2022(1) നമ്പരായി സർക്കാരിലേക്ക് കത്തയച്ചു.

**തീരുമാനം:** സർവ്വകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കുടിശ്ശിക നൽകാനാവൂ എന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു. സര്ക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറക്ക് അനുവദിക്കുന്നതാണ് എന്ന തീരുമാനത്തോടെ പ്രമേയം അംഗീകരിച്ചു.

*നടപടി: ഫിനാൻസ് ഓഫീസർ*

--------------------------- ---------------------------------------- ----

**പ്രമേയം 2:** കോലാഹലമേട് ഫാമിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പാർക്കിംഗ് സ്ഥലം വിപുലീകരിച്ച് സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഈ യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** ബേസ് ഫാം കോലാഹലമേട് നിലവിൽ വാഗമൺ പൈൻവാലി സന്ദർശിക്കാൻ എത്തുന്ന ടൂറിസ്റ്റുകൾക്കായി ഫീസ് ഈടാക്കി വാഹന പാർക്കിങ് സൗകര്യം നൽകി വരുന്നുണ്ട്. ഇതിലൂടെ പ്രതിവർഷം ഏകദേശം പത്തു ലക്ഷത്തോളം രൂപ സർവകലാശാലക്ക് വരുമാനമായി ലഭിക്കുന്നുണ്ട്. എന്നാൽ മഴയുള്ള കാലാവസ്ഥയുള്ളപ്പോൾ ഈ മൈതാനത്ത് ചെളി നിറഞ്ഞ് വാഹനങ്ങൾ ഇറക്കാൻ ബുദ്ധിമുട്ട് നേരിട്ട് വരുന്നു. ഇതുമൂലം ഏകദേശം ആറുമാസത്തോളം വാഹന പാർക്കിങിന് പ്രസ്തുത മൈതാനത്ത് ബുദ്ധിമുട്ട് നേരിടുന്നു. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനും സർവകലാശാലക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിനും വേണ്ടി പാർക്കിങ് ഗ്രൗണ്ടിൽ മണ്ണിട്ട് പൊക്കി വെള്ളം ഒഴുകുന്നതിനു ചാലുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി പാർക്കിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഇതിനായി മണ്ണെടുക്കുന്നതിന് അപേക്ഷ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. വേണ്ട അനുമതിയും ഫണ്ടും ലഭ്യമാകുന്ന മുറക്ക് പാർക്കിംഗ് മൈതാനം നവീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്.

**തീരുമാനം:** പ്രമേയം അംഗീകരിച്ചു.

*നടപടി: സ്പെഷ്യൽ ഓഫീസർ/ഹെഡ് (ബേസ് ഫാം കോലാഹലമേട് )/ ഡയറക്ടർ (ഐ.ഡി. വിംഗ്)*

-------------------------- ------------------------------------------------------------------------------ ----

**പ്രമേയം 3:** യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള എല്ലാ സ്റ്റേഷനുകളിലേയും തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള അപാകതകൾ പരിഹരിച്ച് പുന:പ്രസിദ്ധീകരിക്കുന്നതിന് ഈ യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്ട്സ്:** നിലവിൽ ഐ.എൽ.എഫ്.സി. പൂക്കോട് ഫാമിലെ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച പരാതികളാണ് ലഭിച്ചിട്ടുള്ളത്. ആയതു പുനഃപ്രസിദ്ധീകരിക്കുന്നതിനായി പരിശോധിച്ച് വരുന്നു.

**തീരുമാനം:** പ്രമേയം അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ/ലേബർ ഓഫീസർ*

======================= ========================================

**ശ്രീ. വിഷ്ണു. ടി. ഉന്നയിച്ച പ്രമേയങ്ങൾ:**

**പ്രമേയം 4:** സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്മെന്റിൽ വെറ്ററിനറി ബിരുദധാരികളായ അധ്യാപകർ വേണമെന്നത് വിദ്യാർത്ഥികളുടെയും റിസർച്ച് ചെയ്യുന്ന അധ്യാപകരുടെയും നിരന്തരമായ ആവശ്യമാണ്. എന്നാൽ മേൽപ്പറഞ്ഞതിനു വിപരീതമായി 21 -1-2023ൽ മണ്ണുത്തി വെറ്ററിനറി കോളേജിൽ നടന്ന ടീച്ചിങ് അസിസ്റ്റന്റ് നിയമന പരീക്ഷയിൽ വെറ്ററിനറി ബിരുദധാരിയായ അപേക്ഷകൻറെ സാന്നിധ്യം ഉണ്ടായിരുന്നിട്ടും അദ്ദേഹത്തെ തഴഞ്ഞുകൊണ്ട് ഫലപ്രഖ്യാപനം നടത്തിയ വിവരം അത്യന്തം പ്രതിഷേധാർഹവും യൂണിവേഴ്സിറ്റി സ്റ്റാറ്റിയൂട്ടിനു ഘടക വിരുദ്ധവുമാണ്. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലെ ടീച്ചിങ് അസിസ്റ്റന്റ് പോലുള്ള നിയമനങ്ങളിൽ സ്റ്റാറ്റ്യൂട്ട് ലംഘനം അനുവദിക്കപ്പെട്ടാൽ അർഹരായ ഉദ്യോഗാർഥികളുടെ അവസരം നഷ്ടപെടുന്നതിനോടൊപ്പം യൂണിവേഴ്സിറ്റിയുടെ വിദ്യാഭ്യാസപരമായ ഗുണനിലവാരത്തെയും അത് പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട് . വെറ്ററിനറി പോലുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് ആവശ്യമായുള്ളത് സ്റ്റാറ്റിസ്റ്റിക്സ്ന്റെ പ്രായോഗിക തലമായ ബയോസ്റ്റാറ്റിസ്റ്റിക്സ് ആണെന്നതും ആർട്സ് കോളേജുകളിലെ പോലെ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്മെന്റ് എന്ന പേരിലുള്ള പ്രവർത്തനം യൂണിവേഴ്സിറ്റിയ്ക്കു ഭൂഷണമല്ല എന്നും സൂചിപ്പിക്കുന്നു . ആയതിനാൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിലെ ടീച്ചിങ് അസിസ്റ്റന്റ് പോലുള്ള നിയമനങ്ങളിൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പാലിക്കപ്പെടാനുള്ള കർശന നിർദ്ദേശം ഉണ്ടാകണം എന്നും, വെറ്ററിനറി കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്മെന്റുകളുടെ നാമധേയം ബയോസ്റ്റാറ്റിസ്റ്റിക്സ് എന്നാക്കണമെന്നും സഭാ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**റിമാർക്ക്സ്/നോട്സ്:** സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിൽ വെറ്ററിനറി ബിരുദധാരികളായ അധ്യാപകർ വേണമെന്ന ആവശ്യം ഇതുവരെ ഉന്നയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. 21.01.2023 തീയതിയിൽ നടന്ന ടീച്ചിംഗ് അസിസ്റ്റന്റ് നിയമനത്തിന്റെ സ്കോർ കാർഡ് ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത സ്കോർ കാർഡിൽ വെറ്ററിനറി ബിരുദാനന്തര ബിരുദത്തിന് പ്രത്യേക പരിഗണന നൽകിയതായി കാണാം. ടീച്ചിംഗ് അസിസ്റ്റന്റ് എന്ന താൽക്കാലിക തസ്തികയിലെ നിയമന യോഗ്യത സ്റ്റാറ്റ്യൂട്ടിൽ പരാമർശിക്കപ്പെട്ടിട്ടില്ല. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥിയുടെ യോഗ്യതയെക്കുറിച്ചും അധ്യാപന പരിചയത്തെക്കുറിച്ചും വ്യക്തമായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ് കമ്മിറ്റി പ്രസ്തുത ഉദ്യോഗാർത്ഥിക്ക് ഒന്നാം റാങ്ക് നൽകിയത്.

**തീരുമാനം:** പരിശോധിക്കുന്നതിന് തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

---------------------------------------------------------------- -------

**പ്രമേയം 5:** എല്ലാ വർഷവും കോളേജ് തലത്തിലും, യൂണിവേഴ്സിറ്റി തലത്തിലും മികവുറ്റ കായികതാരങ്ങളെ വാർത്തെടുക്കാൻ CASM തിരുവഴാംകുന്ന് കോളേജിന് സാധിച്ചിട്ടുണ്ട്. എന്നാൽ CASM കോളേജിലെ വിദ്യാർത്ഥികൾ കായിക പരിശീലനത്തിനായി ഉപയോഗിക്കുന്ന മൈതാനം കോളേജിൽ നിന്ന് വളരെ അകലെ ആണ്. കൂടാതെ അവിടെ സാമൂഹ്യ വിരുദ്ധരുടെയും, വന്യമൃഗങ്ങളുടെ ശല്യവും നേരിടുന്നുണ്ട്. ഗ്രൗണ്ട് ഭൂമിശാസ്ത്രപരമായി ചെങ്കല്ല് നിറഞ്ഞതായതിനാൽ പലപ്പോഴും പരിശീലന വേളയിൽ വിദ്യാർത്ഥികൾക്ക് പരുക്ക് പറ്റുന്നുണ്ട്. സാമൂഹ്യവിരുദ്ധരുടെയും, വന്യമൃഗങ്ങളുടെയും, ഭൂമിശാസ്ത്രപരമായും പ്രശ്നങ്ങൾ ഗ്രൗണ്ടിലെ പരിശീലനം ബുദ്ധിമുട്ടിൽ ആക്കുന്നു. ആയതിനാൽ കോളേജിന് മുൻവശത്തായി ചേർന്ന് ഒരു സ്ഥലം കായിക പരിശീലനത്തിനുള്ള ഗ്രൗണ്ട് ആക്കിമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന് സഭാപ്രമേയത്തിൽ ആവിശ്യപെടുന്നു.

**റിമാർക്ക്സ്/നോട്സ്:** 2016-17വർഷത്തിൽ കോളേജിന്റെ മുൻവശത്തുള്ള സ്ഥലം ഗ്രൗണ്ടിനായി സജ്ജമാക്കാനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും അത് എൽ.ആർ.എസ്.-ലെ ഫോസർ പ്ലോട്ടാണെന്നതിനാലും, തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടായ എതിർപ്പ് മൂലവും ഉപയോഗയോഗ്യമാക്കുവാൻ സാധിച്ചില്ല. തുടർന്ന് ഇപ്പോൾ നിലവിലുള്ള സ്ഥലത്തു ഗ്രൗണ്ട് സജ്ജമാക്കാൻ എൽ.ആർ.എസ് മേധാവി അനുമതി നൽകുകയും അത് സി.എ.എസ്.എം - ലെ കുട്ടികളുടെ പ്ലേ ഗ്രൗണ്ട് ആയി ഉപയോഗിച്ചു വരുകയും ആയിരുന്നു. എന്നാൽ ഗ്രൗണ്ടിലെ ചെങ്കല്ലിൽ തട്ടി കുട്ടികൾ വീണ് പരിക്കേൽക്കുന്ന സാഹചര്യവും ഒറ്റപ്പെട്ട സ്ഥലമായതിനാൽ ഗ്രൗണ്ട് സാമൂഹിക വിരുദ്ധരുടെ താവളമാകുകയും ചെയ്യുന്ന സ്ഥിതിയുമുണ്ടായി. ആദരണീയനായ വൈസ് ചാൻസലറുടെ കോളേജ് സന്ദർശന വേളയിൽ കുട്ടികൾ ഈ വിഷയം ചൂണ്ടിക്കാട്ടി പുതിയ ഗ്രൗണ്ട് വേണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ആയതു പ്രകാരം കോളേജിനോട് ചേർന്ന് ഗ്രൗണ്ട് സജ്ജമാക്കുന്നതിനായുള്ള സാദ്ധ്യതകൾ പഠിക്കുന്നതിനായി ഡയറക്ടർ ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ ഒരു കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റി അടിയന്തിരമായി യോഗം കൂടി കോളേജിനോട് ചേർന്ന് ഗ്രൗണ്ട് സജ്ജമാക്കുന്നതിനായുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

**തീരുമാനം:** പ്രമേയം അംഗീകരിച്ചു.

*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ് )*

----------------------------------- -----------------------------------

| | |
|---|---|
| | **പ്രമേയം 6:** കേരള വെറ്റിനറി സർവകലാശാല മൂന്നാമത് കോൺവൊക്കേഷൻ 2021 ഒക്ടോബർ 7 ന് ഹൈബ്രിഡ് രീതിയിൽ പൂക്കോട് വെച്ച് ബഹുമാനപെട്ട സർവകലാശാല ചാൻസലറായ കേരള ഗവർണറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നത്തെ സർവകലാശാല തിരുമാനപ്രകാരം BVSc & AH, MVSc, B Tech, M Tech, BSc, MS, MSc, Diploma തുടങ്ങിയ വിവിധ കോഴ്സുകളിലെ വിദ്യാർത്ഥികളിൽ 2021 ഓഗസ്റ്റ് 18ന് മുൻപായി റിസൾട്ട് പുറപെടുവിച്ച ബാച്ചുകളിലെ വിദ്യാർത്ഥികൾക്ക് കോൺവൊക്കേഷൻ അപേഷിക്കാം എന്നായിരുന്നു.അതുകൊണ്ട് തന്നെ BVSc & AH 2013,2014 ബാച്ചുകളിലെയും B Tech 2015,2016 ബാച്ചുകളിലെയും വിദ്യാർത്ഥികൾക്കായിരുന്നു കോൺവൊക്കേഷൻ അപേക്ഷിക്കാൻ ഉള്ള അവസരം ലഭിച്ചത്.എന്നാൽ BVSc & AH 2015 ബാച്ചിലെ വിദ്യാർത്ഥികൾക്ക് കോവിഡ് മുഖാന്തരം 2021 ഓഗസ്റ്റിലാണ് ഇന്റേൺഷിപ് പൂർത്തിയാക്കാൻ സാധിച്ചത്, അതിനാൽ തന്നെ 2015 ബാച്ച് വിദ്യാർത്ഥികൾക്ക് കോൺവൊക്കേഷൻ അപേക്ഷിക്കാൻ സാധിച്ചില്ല.BVSc & AH 2016 ബാച്ചിന്റെ ഇന്റേൺഷിപ് കഴിഞ്ഞ സെപ്റ്റംബറിൽ പൂർത്തിയാവുകയും 2017 ബാച്ചിന്റെ ഇന്റേൺഷിപ് ഈ വരുന്ന മെയ് മാസത്തിൽ പൂർത്തിയാകാൻ ഇരിക്കുന്ന നിലവിലെ സാഹചര്യത്തിൽ എത്രയും പെട്ടന്ന് തന്നെ BVSc & AH 2015, 2016, 2017 ബാച്ചുകളെയും, B Tech 2017, 2018 ബാച്ചുകളെയും ഉൾപെടുത്തികൊണ്ട് സർവകലാശാല നാലാമത് കോൺവൊക്കേഷന് നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നും, ഇനിമുതൽ എല്ലാ വർഷവും അവസാനവർഷ വിദ്യാർത്ഥികളുടെ കോഴ്സ് പൂർത്തിയാക്കുന്ന മുറക്ക് കൃത്യമായി കോൺവൊക്കേഷൻ നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സഭ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.<br><br>**റിമാർക്ക്സ്/നോട്സ്:** 2022 വർഷത്തിൽ സംഘടിപ്പിക്കാൻ ഉദ്ദേശിച്ചിരുന്ന 4-ാമത് കോൺവൊക്കേഷന് അനുയോജ്യമായ ഒരു തീയതി ആരാഞ്ഞുകൊണ്ട് 2023 ഫെബ്രുവരി 22 ന് ഒരു കത്ത് ബഹു. ഗവർണർക്ക് അയച്ചിട്ടുണ്ട്. എല്ലാവർഷവും അവസാന വർഷ വിദ്യാർത്ഥികളുടെ കോഴ്സുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ബഹു ഗവർണർ അനുവദിച്ചു നൽകുന്ന തീയതിയിൽ തന്നെ കോൺവൊക്കേഷൻ നടത്താൻ സന്നദ്ധമാണ് എന്ന് അറിയിക്കുന്നു.<br><br>**തീരുമാനം:** കോൺവെക്കേഷൻ തീയതി (2023 മെയ് 20) തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ 2017 ബാച്ചിനെ കൂടി ഉൾപ്പെടുത്തുന്നതിന് സാധ്യമല്ലാത്തതിനാൽ തുടർന്നുള്ള വർഷങ്ങളിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന തീരുമാനത്തോടെ പ്രമേയം അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ/ഡി.എ.ആർ.*<br>=============== ================ =================== ==================== |

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 04.30 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(13-04-2023 തീയതിയിൽ അംഗീകരിച്ചു.)*

**//True Copy//**

**SECTION OFFICER - GA/B Section**